LIBRARY ARCHIVES Kerala Legislative Assembly

കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം

272 (2827) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനിയിലെ കോട്ടത്തറ കുംഭാര കോളനിയിലെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ മുഖേന കേരള ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം ലഭിച്ചെങ്കിലും മണ്ണ് അരിച്ചെടുക്കാൻ ഉള്ള ആധുനിക ഉപകരണങ്ങളും മോട്ടോറും ഇല്ലാത്തതിനാൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മോട്ടോർ അടക്കമുള്ള യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ ;

(സി) തൊഴിൽ വകുപ്പ നൽകിയ പരിശീലനത്തിലൂടെ തൊഴിൽ നൈപുണ്യവും വൈവിധ്യവും നേടിയ ഇവരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആധുനിക ഉപകരണങ്ങളുടേയോ മോട്ടോറുകളുടേയോ സഹായം കൂടാതെ തന്നെ ഗുണനിലവാരമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

(ബി) തൊഴിൽ പരിശീലനം നൽകുക മാത്രമാണ് തൊഴിൽ വകുപ്പ് ചെയ്യുവരുന്നത്.

(സി) ടി തൊഴിലാളികളുടെ അടിയന്തര ആവശ്യം അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയാണ്. ഇവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിന്റെയും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ.എസ്.ഐ.ഡി.)-ന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രദർശനങ്ങളിൽ ടി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പൊള്ളാച്ചി മേഖലയിലെ തൊഴിലവസരങ്ങൾ

273 (2828) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :